LIBRARY ARCHIVES Kerala Legislative Assembly

നഗരങ്ങളെ മാലിന്യമുക്തമാക്കുന്നതിന് കർമ്മ പദ്ധതികൾ

111 (1582) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളെ മാലിന്യമുക്തമാക്കുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) നഗരപ്രദേശങ്ങളിൽ ഉൽപാദിപ്പിക്കപ്പെടുന്ന ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് സംസ്കരിക്കുക വഴിയും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണം നടത്തുന്നതിനായി ഏജൻസികൾക്ക് കൈമാറിയും നഗരപ്രദേശങ്ങളെ മാലിന്യരഹിതമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) നഗരപ്രദേശങ്ങളുടെ ഉത്തരവാദിത്വത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ടുകളുടെ സാങ്കേതിക അനുമതിയും അർഹമായ സർക്കാർ സാമ്പത്തിക സഹായവും നൽകിവരുന്നു.

കംപ്രസ്ഡ് നാച്വറൽ ഗ്യാസ് പ്ലാന്റുകൾ

112 (1583) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരങ്ങളിൽ മാലിന്യത്തിൽ നിന്ന് കംപ്രസ്ഡ് നാച്വറൽ ഗ്യാസ് ഉൽപ്പാദിപ്പിക്കാൻ വേണ്ടി പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ഇപ്രകാരമുള്ള പ്ലാന്റുകൾ പി.പി.പി. അടിസ്ഥാനത്തിൽ സ്ഥാപിക്കുവാനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ച് അതിനായുള്ള ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ആരും തന്നെ എഗ്രിമെന്റ് വയ്ക്കാനായി മുന്നോട്ട് വരാത്ത സാഹചര്യത്തിൽ സർക്കാർ പ്രസ്തുത പദ്ധതി ഉപേക്ഷിക്കുകയുണ്ടായി.

ന്യൂനപക്ഷ യുവജനങ്ങൾക്കായുള്ള പരിശീലന കേന്ദ്രങ്ങൾ

113 (1584) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ വിഭാഗ ഉദ്യോഗാർത്ഥികളുടെ പരിശീലനത്തിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ബി) യുവജനങ്ങൾക്കായുള്ള പരിശീലന കേന്ദ്രങ്ങൾ മുഖേന എത്രപേർ പരിശീലനം നേടിയെന്നും എത്രപേർക്ക് ഉദ്യോഗം ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കുമോ ;

(സി) പരിശീലന കേന്ദ്രങ്ങളുടെ സബ് സെന്ററുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സര പരീക്ഷകൾക്ക് ശാസ്ത്രീയ പരിശീലനം നല്കുന്നതിനും അവരെ പ്രാപ്തരാക്കി ഉദ്യോഗ രംഗത്തെ പ്രവേശനം ഉറപ്പാക്കുന്നതിനായും നിലവിൽ 14 ജില്ലകളിലായി 16 പരിശീലന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

(ബി) 15,051 പേർ പരിശീലനം നേടുകയും 611 പേർക്ക് ഉദ്യോഗം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

(സി) വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ 21 ഉപകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

നഗരങ്ങളിലെ മാലിന്യ സംസ്കരണം

114 (1585) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രധാന നഗരങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി എടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?